## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1801 — 21.01.2014-ൽ മറുപടിയ്ക്ക്

### കുറുവ പഞ്ചായത്ത് വിഭജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) കുറുവ പഞ്ചായത്ത് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇല്ലെങ്കിൽ വളരെ വിസ്തൃതവും ജനസംഖ്യ കൂടുതലുള്ളതുമായ കുറുവ പഞ്ചായത്ത് വിഭജിച്ച് പാങ്ങ് ആസ്ഥാനമാക്കി പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 4(2) പ്രകാരം സർക്കാരിന് ബന്ധപ്പെട്ട പഞ്ചായത്ത് ആവശ്യപ്പെട്ടതിന്മേലോ പഞ്ചായത്തുമായി ആലോചിച്ച ശേഷമോ നിർദ്ദേശം വിജ്ഞാപനം വഴി മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷം (എ) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ ഏതെങ്കിലും ഗ്രാമമോ, ഗ്രാമങ്ങളുടെ കൂട്ടമോ ഉൾപ്പെടുത്തിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ (ബി) ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ നിന്ന് ഏതെങ്കിലും ഗ്രാമത്തെയോ, ഗ്രാമങ്ങളുടെ കൂട്ടത്തെയോ ഒഴിവാക്കിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ